(ഡി) പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും നിലവിൽ പൂർണ്ണമായും പ്രവർത്തനക്ഷമമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ കുടിവെള്ള പദ്ധതികൾ

61 [218] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ കുടിവെള്ള പദ്ധതികൾ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നതു സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ ഇതിനായി ഏതെല്ലാം വിദേശ സഹായം സ്വീകരിച്ചിട്ടുണ്ട്; സർക്കാർ എന്തു തുക ചെലവാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) വിദേശ സഹായം കൊണ്ട് ഏതെല്ലാം ജില്ലകളിൽ കുടിവെള്ള പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു അവ ഏതെല്ലാം എന്നു വ്യക്തമാക്കുമോ;

(ഡി) പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ ഇപ്പോൾ പണി തുടങ്ങിയിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാം; അവയുടെ പ്രോജക്റ്റ് റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഇ) പാലക്കാട് ജില്ലയിൽ അതിയായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ ഏതെല്ലാം എന്നും ഇവിടെ കുടിവെള്ളം എത്തിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ;

(എഫ്) പാലക്കാട് ജില്ലയിൽ സ്വകാര്യ കമ്പനികളുടെ ജലചൂഷണംകൊണ്ട് കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ ഏതെല്ലാം; ഇത് തടയുന്നതിന് സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു;

(ജി) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നെയ്യാറ്റിൻകര കുടിവെള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇതിനായി എന്തു തുക വിദേശസഹായമുണ്ട്; എത്ര സർക്കാർ ഫണ്ട് ഉണ്ട്. ഇതിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; എപ്പോൾ തീരും എന്ന് വ്യക്തമാക്കുമോ;

(ഐ) ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പുതിയ കുടിവെള്ള പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി വഴി നടത്തുന്ന പുതിയ കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.† ഇവ കൂടാതെ ലോക ബാങ്ക് സഹായത്തോടെ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 56 പഞ്ചായത്തുകളിലായി നടപ്പാക്കി വരുന്ന ജലനിധി പദ്ധതി 43 പഞ്ചായത്തുകളിൽ കൂടി ഈ വർഷം നടപ്പാക്കുന്നതിനും ശേഷിക്കുന്ന പത്തു ജില്ലകളിലെ 50 പഞ്ചായത്തുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സ്വജൽധാരാ പദ്ധതിയനുസരിച്ചും പുതിയ കുടിവെള്ള പദ്ധതികൾ സംസ്ഥാനത്ത് പരമാവധി പ്രദേശങ്ങളിൽ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിക്ക് ജെ.ബി.ഐ.സി.-യിൽ നിന്നും കേന്ദ്ര സർക്കാർ വഴി പരമാവധി 1519.38 കോടി രൂപ വായ്പയായി ലഭിക്കും. വായ്പാതുക ഇതുവരെ ലഭ്യമായിട്ടില്ല. സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി ഇതുവരെ 21.06 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഇപ്പോൾ തുടർന്നുവരുന്ന 'ജലനിധി' പദ്ധതിക്ക് ഇതുവരെ 37 കോടി രൂപ ലോക ബാങ്ക് സഹായമായി ലഭിച്ചിട്ടുണ്ട്. സർക്കാർ ആകെ 73.5 കോടി രൂപ പദ്ധതിക്കായി നല്കിയിട്ടുണ്ട്.

(സി) ജെ.ബി.ഐ.സി. സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കുടിവെള്ള പദ്ധതികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായമുള്ള 'ജലനിധി' പദ്ധതി ഇപ്പോൾ ഈ പദ്ധതി നിലവിലില്ലാത്ത മറ്റു 10 ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) വിശദവിവരം അനുബന്ധം ആയി കൊടുത്തിട്ടുണ്ട്.†

(ഇ) ജില്ലയിലെ ചിറ്റൂർ, ആലത്തൂർ, പാലക്കാട് താലൂക്കുകളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടുവരുന്നു. ഇവിടങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിന് ഉറവിടം മെച്ചപ്പെടുത്തുക, അധികം വെള്ളം പമ്പു ചെയ്യുക, കുഴൽക്കിണർ കുഴിച്ച് ശുദ്ധജല

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിതരണം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തുവരുന്നു. രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുന്നതിനും നടപടികൾ ജില്ലാ ഭരണകൂടം എടുത്തുവരുന്നു.

(എഫ്) പുതുശ്ശേരി പഞ്ചായത്ത്, പെരുമാട്ടി പഞ്ചായത്തിലെ പ്ലാച്ചിമട എന്നീ സ്ഥലങ്ങളിലാണ് അമിത ജലചൂഷണംകൊണ്ട് കുടിവെള്ള ക്ഷാമമുള്ളതായി റിപ്പോർട്ടുള്ളത്. പ്ലാച്ചിമട പ്രദേശങ്ങളിലെ ഭൂഗർഭ ജലത്തിന്റെ അളവും വിനിയോഗവും സംബന്ധിച്ച് ഹൈക്കോടതി നിർദ്ദേശാനുസരണമുള്ള പഠനങ്ങൾ നടന്നുവരുന്നു.

(ജി) അനുബന്ധം ആയി കൊടുത്തിട്ടുണ്ട്.†

(എച്ച്) ഈ പദ്ധതികൾക്കായി വിദേശ സഹായമൊന്നുമില്ല. ഇവയിലെ ചില പദ്ധതികൾക്ക് എൽ.ഐ.സി. ധനസഹായവും സർക്കാർ ഫണ്ടുമുണ്ട്. വിശദവിവരം അനുബന്ധം ആയി കൊടുത്തിട്ടുണ്ട്.† മറ്റു പദ്ധതികൾ കേന്ദ്ര സർക്കാർ സഹായമുള്ളവയാണ്. പദ്ധതി നടത്തിപ്പിനായി നെയ്യാർ ഡാമിൽ നിന്നും വെള്ളം കൊണ്ടുവരുന്ന പ്രധാന പൈപ്പ്ലൈനിന്റേയും ശുദ്ധീകരണശാലയുടേയും തൊഴുക്കൽ മുതൽ നെയ്യാറ്റിൻകര ആലുംമൂട് ജംഗ്ഷൻ വരെയുള്ള പ്രധാന വിതരണക്കുഴലിന്റേയും പണി തുടങ്ങിക്കഴിഞ്ഞു. ഈ പണി പൂർണ്ണമായും 2006-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഐ) പദ്ധതി സംബന്ധിച്ച പ്രധാന വിവരങ്ങൾ അനുബന്ധത്തിൽ ലഭ്യമാണ്.†

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ജലവിതരണ പദ്ധതികൾ

62 [219] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, ടി. യു. രാധാകൃഷ്ണൻ :
,, പ്രയാർ ഗോപാലകൃഷ്ണൻ :
,, വി. ഡി. സതീശൻ :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങൾ നിലവിൽ വരുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ എത്ര ജലവിതരണ പദ്ധതികളുണ്ടായിരുന്നു;

(ബി) അവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്രയെണ്ണം കൈമാറി;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇനി എത്രയെണ്ണം കൈമാറാനുണ്ട്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly